# സംഗീതവും ജമാഅത്തെ ഇസ്‌ലാമിയും

അൻവർ അബൂബക്കർ

‘സംഗീതം ഇസ്‌ലാമിൽ അനുവദിക്കപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്ന ചർച്ച ഇസ്‌ലാമിക ചിന്തയുടെ തുടക്കം മുതൽ ഇന്നത്തെ ഇന്റർനെറ്റ് ചർച്ചകൾ വരെ സജീവമാണ്’ എന്നു തുടങ്ങി ‘കണ്ണുകളെപ്പോലെ ഇഷ്ടമനുസരിച്ച് അടച്ചുകളയാനുള്ള സൗകര്യം അല്ലാഹു കാതുകൾക്ക് എന്തുകൊണ്ട് നൽകിയില്ല എന്ന് മനുഷ്യന് സങ്കടപ്പെടുന്നു. വേണ്ടാത്ത കാഴ്ചകളിൽ നിന്ന് കണ്ണുകൾ താഴ്ത്തിക്കളയാനാണല്ലോ ഇസ്‌ലാം ഉപദേശിച്ചത്. കാതുകൾ അടച്ചുകളയാൻ കഴിയാത്തിടത്തോളം മനുഷ്യന് സംഗീതം കേൾക്കാതിരിക്കുമോ?’ എന്ന ചോദ്യത്തോടെ അവസാനിക്കുന്ന ഒരു ലേഖനം ജമാഅത്ത് വാരികയായ പ്രബോധനത്തിൽ അടുത്തിടെ പ്രത്യക്ഷപ്പെട്ടിരുന്നു. (ഇസ്‌ലാമിനോളം സംഗീതമുണ്ടോ, 25 ഏപ്രിൽ 2014, പുസ്തകം 70 ലക്കം 46) ഇസ്‌ലാം നിഷിദ്ധമായി പ്രഖ്യാപിച്ച സംഗീതം എത്രമാത്രം സ്വാധീനം ജമാഅത്തെ ഇസ്‌ലാമിയുടെ അണികളിൽ ഉണ്ടാക്കിയിരിക്കുന്നു എന്ന് ഈ വരികൾ തെളിയിക്കുന്നുണ്ട്.

ഇസ്‌ലാം കണ്ണ് താഴ്ത്താൻ പറഞ്ഞതിന്റെ ഉദ്ദേശ്യം കണ്ണിന് അടപ്പിടാനും ഇതരരിൽ നിന്ന് അത് ഒളിച്ചുവെക്കാനുമല്ല എന്നത് ഏതൊരു വിവേകിക്കും അറിയാവുന്ന കാര്യമാണ്. തിന്മകൾ കാണാൻ ഇടയായാൽ ദൃഷ്ടികൾ താഴ്ത്തണം എന്ന സന്ദേശമാണ് കണ്ണ് താഴ്ത്താൻ പറഞ്ഞതിൽ കുടികൊള്ളുന്നത്; അതേ അർത്ഥ വ്യാപ്തി ഉൾകൊള്ളുന്ന സന്ദേശമാണ് ചെവി കൊടുക്കരുത് എന്ന സാമാന്യഭാഷ്യത്തിലും നിലനിൽക്കുന്നത്. കണ്ണുകളെപ്പോലെ ഇഷ്ടമനുസരിച്ച് അടച്ചുകളയാനുള്ള സൗകര്യം അല്ലാഹു മനുഷ്യന് നൽകിയതുപോലെ കാതുകൾക്കും എന്തുകൊണ്ട് നൽകിയില്ല എന്ന സംഗീത പ്രേമം നിറഞ്ഞ വരികളിൽ അല്ലാഹുവിന്റെ സൃഷ്ടിവൈഭത്തെ കൂടെയാണ് പരിഹസിക്കുന്നത്.

ഹറാമായ സംഗതികൾ കേൾക്കാൻ ഇടയായാൽ ചെവികൾ കണ്ണ് പോലെ അടക്കാൻ കഴിയണം എന്നു വിലപിക്കുകയല്ല പ്രവാചകനും (സ) അനുയായികളും ചെയ്തത്. മറിച്ച് അല്ലാഹു മനുഷ്യന് നൽകിയ മറ്റൊരു അവയവം ഉപയോഗിച്ച് സംഗീതം എന്ന വിപത്ത് കേൾക്കാതിരിക്കാനുള്ള ശ്രമം നടത്തുകയാണ് ചെയ്തത്.

عَنْ نَافِعٍ، قَالَ: سَمِعَ ابْنُ عُمَرَ، مِزْمَارًا قَالَ: فَوَضَعَ إِصْبَعَيْهِ عَلَى أُذُنَيْهِ، وَنَأَى عَنِ الطَّرِيقِ، وَقَالَ لِي: يَا نَافِعُ هَلْ تَسْمَعُ شَيْئًا؟ قَالَ: فَقُلْتُ: لَا، قَالَ: فَرَفَعَ إِصْبَعَيْهِ مِنْ أُذُنَيْهِ، وَقَالَ: كُنْتُ مَعَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ . فَسَمِعَ مِثْلَ هَذَا فَصَنَعَ مِثْلَ هَذَا.

“നാഫിഇൽ (റ) നിന്ന്, ഇബ്നു ഉമർ(റ) സംഗീതം കേൾക്കാനിടയായി. അപ്പോൾ തന്റെ രണ്ട് വിരലുകൾ ചെവിയിൽ വെക്കുകയും വഴി മാറി സഞ്ചരിക്കുകയും ചെയ്ത്. എന്നിട്ട് എന്നോട് ചോദിച്ചു: ഇപ്പോൾ നീ വല്ലതും കേൾക്കുന്നുണ്ടോ? ഞാൻ പറഞ്ഞു: ഇല്ല. അപ്പോൾ അദ്ദേഹം തന്റെ വിരലുകൾ ചെവിയിൽ നിന്ന് എടുക്കുകയുണ്ടായി. ശേഷം പറഞ്ഞു: ഞാൻ പ്രവാചകൻ(സ)യോടൊപ്പം സഞ്ചരിക്കുമ്പോൾ ഇതുപോലെ കേൾക്കുകയുണ്ടായി, അന്നേരം നബി(സ) ഇപ്രകാരം പ്രവർത്തിച്ചു.” (അബൂദാവൂദ്, അൽബാനി സ്വഹീഹ് എന്ന് വിശേഷിപ്പിച്ചു)

ഈ ഹദീഥ് ഹറാമാണെന്നതിന് തെളിവല്ലായെന്ന് തത്പരവ്യക്തികൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു ഹറാമായ കാര്യമായിരുന്നെങ്കിൽ നബി(സ) ഇബ്നു ഉമർ(റ)വിനോടും, അതുപോലെ തന്നെ ഇബ്നു ഉമർ(റ) നാഫിഇ(റ)നോടും തങ്ങളുടെ ചെവികൾ രണ്ടും അടക്കാൻ കൽപിക്കുമായിരുന്നു എന്നതായിരുന്നു അവരുടെ യുക്തി. എന്നാൽ ഈ സംഭവത്തിൽ ഇവർ അത് കേൾക്കുകയല്ലായിരുന്നു, മറിച്ച് കേൾപ്പിക്കപ്പെടുകയായിരുന്നു. കേൾക്കുന്നതിലും കേൾപിക്കപ്പെടുന്നതിലും ഒരുപാട് വ്യത്യാസമുണ്ടെന്ന വസ്തുത ഈ ഹദീഥ് മുമ്പിൽ വെച്ചുകൊണ്ട് തന്നെ അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതൻമാർ വ്യക്തമാക്കി. ഉദാഹരണത്തിന് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറഞ്ഞു:

أَمَّا مَا لَمْ يَقْصُدْهُ الْإِنسَانُ مِنَ الِاسْتِمَاعِ فَلاَ يَتَرَتَّبْ عَلَيْهِ نَهْيٌ وَلاَ ذَمٌّ بِاتِّفَاقِ الْأَئِمَّةِ ، وَلِهَذَا إِنَّمَا يَتَرَتَّبُ الذَّمُّ وَالْمَدْحُ عَلَى الِاسْتِمَاعِ لاَ السِّمَاعِ ، فَالْمُسْتَمِعُ لِلْقُرْآنِ يُثَابُ عَلَيْهِ ، وَالسَّامِعُ لَهُ مِنْ غَيْرِ قَصْدٍ وَلَا إِرَادَةٍ لَا يُثَابُ عَلَى ذَلِكَ ، إِذِ الْأَعْمَالُ بِالنِّيَّاتِ ، وَكَذَلِكَ مَا يَنْهَى عَنْهُ مِنَ الْمَلَاهِي ، لَوْ سَمِعَهُ بِدُونِ قَصْدٍ لَمْ يَضُرُّهُ ذَلِكَ

"ഒരു മനുഷ്യൻ ഉദ്ദേശിക്കാതെ വല്ലതും കേൾക്കുകയാണെങ്കിൽ അത് വിരോധമോ, ആക്ഷേപാർഹമോ ആവില്ലായെന്ന കാര്യത്തിൽ ഇമാമുമാർ യോജിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ഉദ്ദേശത്തോടെ കേൾക്കുമ്പോഴാണ് അത് ആക്ഷേപാർഹവും, അഭിനന്ദനാർഹവുമായി തീരുക, അതല്ലാതെ ഉദ്ദേശമില്ലാതെ കേൾക്കുന്നതിൽ അതുണ്ടാവില്ല. ക്വുർആൻ പാരായണം ചെയ്യുന്നത് കേൾക്കുന്നതിനും പ്രതിഫലം ലഭിക്കും, എന്നാൽ ഉദ്ദേശമോ കരുതലോ ഇല്ലാതെ ക്വുർആൻ കേട്ടാൽ അതിന് പ്രതിഫലം ലഭിക്കുകയില്ല. കർമ്മങ്ങൾ നിയ്യത്തിന്റെ അടിസ്ഥാനത്തിലാണ്. അതുപോലെ തന്നെയാണ് വിരോധിക്കപ്പെട്ട വിനോദങ്ങളും. ഉദ്ദേശമില്ലാതെ അത് കേട്ടാൽ അതവന് ഉപദ്രമാവില്ല, കുറ്റവുമാവില്ല". (അൽമജ്മൂഅ്: 10/78).

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ വേണ്ടത്ര താത്പര്യം കാണിക്കാത്തവരാണ് സംഗീതം അനുവദനീയമാക്കാൻ ഈ രൂപത്തിലുള്ള തർക്കങ്ങൾ നടത്തുന്നത്. സംഗീതം നിഷിദ്ധം എന്ന് സൂചിപ്പിക്കുന്ന പരിശുദ്ധ ക്വുർആനിലെ അൽ ഖസ്വസ് 55, അൽ അൻഫാൽ 35, അൽ ഫുർഖാൻ 72, അന്നജ്മ് 61, ലുഖ്മാൻ 6 എന്നീ ആയത്തുകളുടെ വ്യാഖ്യാനം അതുകൊണ്ടാണ് ഇവർ സ്വീകരിക്കാനും തയ്യാറാകാത്തത്. ഇവിടെയൊന്നും നേർക്കുനേരെ സംഗീതമോ സംഗീതോപകരണങ്ങളോ പരാമർശിക്കപെടുന്നില്ല എന്നാണ് ഈ സംഗീതപ്രേമികൾ കാരണമായി എടുത്തുപറയുന്നത്. സ്വഹാബികളടക്കമുള്ള പൂർവ്വസൂരികൾ പ്രസ്തുത ആയത്തുകൾ സംഗീതം നിഷിദ്ധമെന്ന് സൂചിപ്പിക്കുവാൻ തെളിവ് പിടിക്കുമ്പോൾ നബി(സ)യിൽ നിന്ന് അത് സ്ഥിരപ്പെട്ടുവന്നിട്ടില്ല എന്ന അസ്വീകാര്യമായ പിടിവാശി പലപ്പോഴും ഇവർ കാണിക്കുന്നു. ക്വുർആനിന്റെയും സുന്നത്തിന്റെയും സ്വീകരണത്തിൽ ഒരു വിശ്വാസി പരിഗണിക്കേണ്ട മൗലികമായ തത്വം പരിഗണിക്കാത്തതാണ് ഇതിന്റെയെല്ലാം കാരണം.

അല്ലാഹു നബി(സ) മുഖേന പഠിപ്പിച്ചു തന്ന ഇസ്‌ലാം ദീനിന്റെ പ്രധാനപ്പെട്ട രണ്ട് സ്രോതസാണല്ലോ ക്വുർആനും ഹദീസും. ആയതുകൊണ്ട് തന്നെ ക്വുർആനിനെ മനസിലാക്കാൻ പ്രവാചകൻ(സ)യുടെ വിശദീകരണമായ ഹദീസുകളും അവലംബിക്കേണ്ടത് അനിവാര്യമാകുന്നു. ഇക്കാര്യം സൂചിപ്പിക്കുന്ന ജമാഅത്തിന്റെ ഒരു ഉദ്ധരണി നോക്കൂ: "സുന്നത്തിന്റെ വെളിച്ചത്തിലല്ലാതെ സാധുവായ ക്വുർആൻ പഠനമില്ല. ക്വുർആൻ അനുശാസിക്കുന്ന ധർമങ്ങളുടെ കർമരൂപം നിർണയിക്കുന്നത് സുന്നത്താണ്. ക്വുർആൻ നേരിട്ട് പ്രസ്താവിച്ചിട്ടില്ലാത്ത വിഷയങ്ങളിൽ വിധി നൽകുന്നതും സുന്നത് തന്നെ. ക്വുർആൻ അല്ലാഹുവിനെ പ്രതിനിധീകരിക്കുന്നുവെങ്കിൽ സുന്നത്ത് റസൂലിനെ പ്രതിനിധീകരിക്കുന്നു.

അല്ലാഹുവും റസൂലും രണ്ടു ചേരിയല്ല. ക്വുർആനും സുന്നത്തും രണ്ടു വഴിയുമല്ല. ഒരേ വഴിയിലെ രണ്ടു റെയിലാണ്. ഒരേ സമയം രണ്ടു റെയിലുകളിലും ചക്രം ഉരുളുമ്പോഴേ വാഹനം ലക്ഷ്യത്തിലേക്കു നീങ്ങൂ. പ്രവാചകനെ നിഷേധിച്ചുകൊണ്ട് അല്ലാഹുവിനെ പ്രാപിക്കാനാവില്ല. സുന്നത്തിനെ നിരാകരിച്ചുകൊണ്ട് ക്വുർആനിനെ പിൻപറ്റാനും. സുന്നത്തിനെ തള്ളി ക്വുർആനെ കൊള്ളുമ്പോൾ ക്വുർആന്റെ അക്ഷരം സ്വീകരിക്കപ്പെടുകയും അർത്ഥം തിരസ്കരിക്കപ്പെടുകയുമാണ്. രണ്ടിന്റെയും നിഷേധമാണ് ആകത്തുക." (സുന്നത്തിന്റെ പ്രസക്തി, പ്രബോധനം ഹദീസ് പതിപ്പ് 2007, പേജ് 7)

ഉപകരണസംഗീതം ഹറാമാണ് എന്നത് കുർആൻകൊണ്ടും ഹദീസുകൾകൊണ്ടും സുവ്യക്താണ്. എന്നിട്ടും സംഗീതം അനുവദനീയമോ നിഷിദ്ധമോ എന്നതിൽ പൂർവ്വകാലം മുതൽ ആധുനികർ വരെയുള്ള പണ്ഡിതൻമാർക്കിടയിൽ ഭിന്നതയുള്ള ഒരു ഫിഖ്ഹീ പ്രശ്നമാണെന്ന് ജമാഅത്തെ ഇസ്ലാമി വാദിക്കുന്നു. ഈ 'ഭിന്നത' ഏതായാലും കറകളഞ്ഞ അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതർക്കിടയിൽ ഉടലെടുത്തതല്ല. മറിച്ച് അത് കേവലം ഇഖ്വാനി ജമാഅത്തുകൾക്കിടയിലെ തർക്കം മാത്രമാണെന്ന് ഇവരുടെ ഈ വരികൾ സൂചിപ്പിക്കുന്നുണ്ട്: "ഉദാഹരണമായി മൗലാനാ അബുൽഅഅ്ലാ മൗദൂദി ഉപകരണ സംഗീതം നിഷിദ്ധമാണ് എന്ന അഭിപ്രായക്കാരനാണ്. ഇന്ന് ജീവിച്ചിരിക്കുന്ന മുസ്ലിം പണ്ഡിതന്മാരിൽ പ്രമുഖനായ ശൈഖ് യൂസുഫുൽ ഖറദാവി ഉപകരണസംഗീതം അനുവദനീയമാണെന്ന് വാദിക്കുന്നു. രണ്ട് വിഭാഗത്തിന്നും അവരുടേതായ തെളിവുകളുണ്ട്... ...ഹദീസ് നിദാനശാസ്ത്രമനുസരിച്ച്, സംഗീതം നിഷിദ്ധമാണെന്നു കുറിക്കുന്ന ഹദീസുകൾ അത് അനുവദനീയമാണെന്ന് കുറിക്കുന്ന ഹദീസുകളെ അപേക്ഷിച്ച് ദുർബലങ്ങളാണ്. അതുകൊണ്ട് ഉപകരണ സംഗീതം നിഷിദ്ധമല്ല; നിഷിദ്ധമായ ലക്ഷ്യത്തിനുവേണ്ടിയല്ല അതുപയോഗിക്കുന്നതെങ്കിൽ എന്ന വീക്ഷണത്തെയാണ് ഈയുള്ളവൻ പിന്താങ്ങുന്നത്... ...ഫിഖ്ഹിയായ തർക്കപ്രശ്നങ്ങളിൽ ജമാഅത്തെ ഇസ്ലാമി അതിനകത്തോ പുറത്തോ ഉള്ള ഒരു പണ്ഡിതന്റെയോ ഒരു വിഭാഗം പണ്ഡിതൻമാരുടെയോ പ്രത്യേക വീക്ഷണത്തെ സംഘടനാ തലത്തിൽ തള്ളുകയോ കൊള്ളുകയോ ചെയ്യാറില്ല. അത്തരം പ്രശ്നങ്ങളിൽ- സംഘടനാംഗങ്ങൾക്ക്, തെളിവുകളുടെ വെളിച്ചത്തിൽ ബോധ്യപ്പെട്ട വീക്ഷണം സ്വീകരിക്കാവുന്നതാണ്. ഈയടിസ്ഥാനത്തിൽ ഫിഖ്ഹിയായ പല പ്രശ്നങ്ങളിലും പരസ്പര ഭിന്നമായ വീക്ഷണങ്ങൾ പുലർത്തുന്നവർ ജമാഅത്തിലുണ്ട്. സംഗീതവും അക്കൂട്ടത്തിൽ പെടുന്നു. സംഗീതം അനുവദനീയമാണെന്ന് അഭിപ്രായമുള്ള പ്രവർത്തകർ സംഘടിപ്പിക്കുന്ന പരിപാടികളിലേ ഉപകരണ സംഗീതം അവതരിപ്പിക്കപ്പെടാറുള്ളൂ." (ടി.കെ. ഉബൈദ്, പ്രശ്നങ്ങൾ വീക്ഷണങ്ങൾ, പേജ് 521-522) അല്ലാഹുവിൽ ശരണം!

അല്ലാഹുവിന്റെ ദീനിൽ അവൻ ഹറാമാക്കിയതിനെ ആവേശപൂർവ്വം സ്വീകരിക്കാൻ എന്തും കോട്ടിമാറ്റി പറയുന്നത് ദുരുപദിഷ്ടമായ പ്രവണതയാണ്. ഇമാം ബുഖാരി ഉദ്ധരിച്ചതുൾപ്പടെ ഒട്ടനവധി സ്വഹീഹായ ഹദീസുകളിലൂടെ സ്ഥിരപ്പെട്ടതാണ് സംഗീതത്തിലെ തിന്മയും അതിന്റെ നിരോധനവും. ശരീഅത്തിലെ പ്രസ്തുത വിലക്കുകൾ വലിച്ചെറിഞ്ഞ് ഈ കൂട്ടർ ഒരുപടി കൂടി മുന്നിൽ കയറി പറയുന്നു: "പുരുഷൻമാർ സ്ത്രീകളുടെ കൂടെ സംസാരിക്കുന്നതോ പാട്ടുപാടുന്നതോ അനുവദനീയമായ മറ്റു ജോലികൾ ചെയ്യുന്നതോ ഇസ്ലാം നിരോധിച്ചിട്ടില്ല. അന്യ സ്ത്രീപുരുഷൻമാർ ഇടപെടുമ്പോൾ ഇസ്ലാം നിശ്ചയിച്ചിട്ടുള്ള സദാചാര്യമര്യാദകൾ പാലിക്കണം എന്നേയുള്ളൂ." (ടി.കെ. ഉബൈദ്, പ്രശ്നങ്ങൾ വീക്ഷണങ്ങൾ, പേജ് 524)

അല്ലാഹു ഹറാമാക്കിയ ഉപകരണസംഗീതം, അത് അനുവദനീയമാണെന്ന് അഭിപ്രായമുള്ള പ്രവർത്തകർ സംഘടിപ്പിക്കുന്ന പരിപാടികളിലേ അതെല്ലാം അവതരിപ്പിക്കപ്പെടാറുള്ളൂ എന്ന് യാതൊരു ലജ്ജയും ദൈവഭയവുമില്ലാതെ എഴുതിയ വ്യക്തിക്ക് സ്ത്രീയും പുരുഷനും ചേർന്നുള്ള പാട്ട് 'ഇസ്ലാമിക സദാചാര്യമര്യാദകൾ' പാലിച്ചുകൊണ്ടായിരിക്കണം

എന്നഭിപ്രായപ്പെടാൻ എന്ത് പ്രയാസം?!. വല്ലവനും ഒരു ഗായികയുടെ പാട്ട് ആസ്വദിച്ചാൽ പുനരുത്ഥാനനാളിൽ അയാളുടെ കാതുകളിൽ ഈയം ഉരുക്കിയൊഴിക്കപ്പെടും എന്ന പ്രവാചക(സ)ന്റെ താക്കീതാണ് ഇവിടെ അട്ടിമറിക്കപ്പെടുന്നത്. പ്രസ്തുത ഹദീഥ് മൗദൂദി തന്നെ വിശദീകരിക്കുന്നത് വഴിയെ വായിക്കാം, ഇൻശാ അല്ലാഹ്.

ഇതിൽനിന്നെല്ലാം മനസ്സിലാകുന്നത്, അല്ലാഹുവിന്റെ പ്രവാചകൻ(സ) മുന്നറിയിപ്പ് നൽകിയ ഒരു കൂട്ടത്തെ പിശാചിന്റെയും അനുയായികളുടെയും സമഗ്രപിന്തുണയോടെ അറിഞ്ഞോ അറിയാതെയോ വളർത്തിയെടുക്കുകയാണ് ഇന്നത്തെ ജമാഅത്തെ ഇസ്‌ലാമി ചെയ്യുന്നത് എന്നാണ്. നബി(സ)യുടെ താഴെയുള്ള പ്രവചനം ഈ കാലഘട്ടത്തിൽ ഏറെ പ്രാധാന്യപൂർവ്വം വിശ്വാസികൾ പരിഗണിക്കേണ്ടിയിരിക്കുന്നു:

നബി(സ) പറയുന്നതായി അബൂമാലികുൽ അശ്അരി(റ)വിൽ നിന്ന് നിവേദനം:

لَيَكُونَنَّ مِنْ أُمَّتِي أَقْوَامٌ يَسْتَحِلُّونَ الْحِرَ والْحَرِيرَ وَالْخَمْرَ وَالْمَعَازِفَ

“വ്യഭിചാരവും പട്ടുവസ്ത്രവും മദ്യവും സംഗീതോപകരണങ്ങളും അനുവദനീയമായി കാണുന്ന ഒരു വിഭാഗം എന്റെ ഉമ്മത്തിൽ ഉണ്ടാവുകതന്നെ ചെയ്യും” (ബുഖാരി)

സംഗീതം നിഷിദ്ധമാണെന്നു കുറിക്കുന്ന ഹദീസുകൾ ഇമാം ബുഖാരി ഉൾപ്പടെയുള്ളവർ ഉദ്ധരിച്ച ഹദീഥ് ഗ്രന്ഥങ്ങളിലുള്ളതാണ്. അതിനെയാണ് ദുർബലമെന്ന് വിശേഷിപ്പിച്ച് ഇന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ ‘ബുദ്ധി’കേന്ദ്രങ്ങൾ തള്ളുന്നത്. അഹ്ലുസ്സുന്നത്തു വൽ ജമാഅത്തിന്റെ ഇന്നോളം വരുന്ന വിശ്വാസമാണ് ബുഖാരിയിലെയും മുസ്‌ലിമിലെയും ഹദീസുകൾ എല്ലാം സ്വീകാര്യമാണ് എന്നത്; പൂർവ്വികരായ പണ്ഡിതൻമാർക്കിടയിൽ ഇജ്മാഅ് ഉള്ള വിഷയവുമാണിത്. ജമാഅത്തെ ഇസ്‌ലാമിയുടെ ഐ.പി.എച്ച് പുറത്തിറക്കിയ സ്വഹീഹുൽ ബുഖാരി; അതിന്റെ ആമുഖ ലേഖനത്തിൽ ഹദീസുകളുടെ ശ്രേഷ്ഠതകളെ കുറിച്ചും അതിന്റെ സ്വീകാര്യതയെ കുറിച്ചുമെല്ലാം വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ബുഖാരിയിലെ ഹദീഥുകൾ മുഴുവൻ പ്രബലമാണെന്ന് വിവിധ വരികളിലൂടെ പ്രസ്തുത ലേഖനം സ്ഥാപിക്കുന്നുണ്ട്. എന്നാൽ ഇതെല്ലാം ഇവർക്കിടയിൽ കേവലം പുസ്തകത്തിനുള്ള അലങ്കാരവും വിപണനതന്ത്രവുമായി ചുരുങ്ങുകയാണ്. പ്രവാചകചര്യയുടെ പ്രാമാണികതയും ആധികാരികതയും വിശദീകരിക്കുന്ന ഇവർ തന്നെ തങ്ങളുടെ നിസാരമായ ബുദ്ധിയിലിട്ട് അനുമാനിച്ചുകൊണ്ടാണ് സംഗീതം ഉൾപ്പടെയുള്ള നബി(സ)യുടെ പല വിശുദ്ധ ഹദീഥുകളും സ്വീകരിക്കുകയും നിരാകരിക്കുകയും ചെയ്യുന്നത്.

സംഗീതോപകരണങ്ങൾ അനുവദനീയമായി കാണുന്ന ഒരു വിഭാഗം എന്റെ ഉമ്മത്തിൽ ഉണ്ടാകുമെന്ന ബുഖാരിയിലെ ഹദീഥ് ഇബ്നു ഹസം(റഹി) സ്വീകരിച്ചിട്ടില്ല എന്നതാണ് ചിലയാളുകൾ അത് അനുവദനീയമാക്കാൻ ധൃതി കൂട്ടുന്നത്. ഇൽമുൽ ഹദീഥ് മനസിലാക്കിയ ആളുകളിൽ ഉൾപ്പെട്ട വ്യക്തിയല്ല അദ്ദേഹം എന്നതിനാൽ സംഭവിച്ച പിഴവായിരുന്നു അദ്ദേഹത്തിന്റേത് എന്ന് പണ്ഡിതൻമാർ വ്യക്തമാക്കിയത് കാണാം. അതോടൊപ്പം ഈ വിഷയത്തിൽ അദ്ദേഹത്തിന് സംഭവിച്ച പിഴവ് എന്താണെന്നും അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതർ എടുത്തു കാണിക്കുകയും ചെയ്തു. ഉദാഹരണത്തിന്;

قَالَ الْإِمَامُ ابْنُ الْقَيِّمِ وَلَمْ يَصْنَعْ مَنْ قَدَحَ فِي صِحَّةِ هَذَا الْحَدِيثِ شَيْئًا كَابْنِ حَزْمٍ نُصْرَةً لِمَذْهَبِهِ الْبَاطِلِ فِي إبَاحَةِ الْمَلَاهِي ، وَزَعَمَ أَنَّهُ مُنْقَطِعٌ لِأَنَّ الْبُخَارِيَّ لَمْ يَصِلْ سَنَدَهُ بِهِ. قَالَ ابْنُ الصَّلَاحِ :وَلَا الْتِفَاتَ إلَيْهِ فِي رَدِّهِ ذَلِكَ . قَالَ وَأَخْطَأَ فِي ذَلِكَ مِنْ وُجُوهٍ . قَالَ وَالْحَدِيثُ صَحِيحٌ مَعْرُوفُ الِاتِّصَالِ بِشَرْطِ الصَّحِيحِ ( غِذَاءُ الْأَلْبَابِ فِي شَرْحِ مَنْظُومَةِ الْآدَابِ)

ഇമാം ഇബ്നുൽ കയ്യിം(റഹി) പറയുന്നു: "ഈ ഹദീഥിന്റെ സ്വീകാര്യതയിൽ കുറ്റമാരോപിച്ച ഇബ്നു ഹസമിനെ പോലുള്ളവർക്ക് അതിനെ ഒന്നും ചെയ്യാനായിട്ടില്ല. വിനോദസംരംഭങ്ങൾ അനുവദനീയമാക്കുന്നതിന് വേണ്ടി തന്റെ തെറ്റായ വാദത്തെ സഹായിക്കാനാണ് അദ്ദേഹം അങ്ങനെ ചെയ്തത്. ഈ ഹദീഥ് 'മുൻകത്വിഅ്' ആണെന്നും ബുഖാരിക്ക് അതിന്റെ സനദൊപ്പിക്കാൻ സാധിച്ചിട്ടില്ലെന്നുമാണ് അദ്ദേഹം വാദിച്ചത്''. അല്ലാമ ഇബ്നു സ്വലാഹ് (റഹി) പറയുന്നു: ''ഇതിന് മറുപടി പറയാൻ അയാളെ (ഇബ്നു ഹസമിനെ) തിരിഞ്ഞു നോക്കാതിരിക്കുകയാണ് വേണ്ടത്... ഈ വിഷയത്തിൽ പല നിലക്കും അദ്ദേഹത്തിന് തെറ്റുപറ്റിയിട്ടുണ്ട്... ഒരു ഹദീഥ് സ്വഹീഹാകുന്നതിന് ആവശ്യമായ നിബന്ധനയുടെ അടിസ്ഥാനത്തിൽ സനദൊത്ത സ്വഹീഹായ ഹദീഥു തന്നെയാണ് ഈ ഹദിഥ്." (ഗദാഉൽ അൽബാബ്)

ബുഖാരിയിലെ പ്രസ്തുത ഹദീഥിനെ കുറിച്ച് ഇമാം അൽബാനി (റഹി) പറയുന്നു:

وَفِي الْحَدِيثِ دَلِيلٌ عَلَى تَحْرِيمِ آلَاتِ الْعَزْفِ وَالطَّرْبِ مِنْ وَجْهَيْنِ ؛ أَوَّلُهُمَا : قَوْلُهُ صلى الله عليه وسلم : " يَسْتَحِلُّونَ " ، فَإِنَّهُ صَرِيحٌ بِأَنَّ الْمَذْكُورَاتِ وَمِنْهَا الْمَعَازِفُ هِيَ فِي الشَّرْعِ مُحَرَّمَةٌ ، فَيَسْتَحِلُّهَا أُولَئِكَ الْقَوْمُ . ثَانِيًا : قَرَنَ الْمَعَازِفَ مَعَ الْمَقْطُوعِ حُرْمَتُهُ وَهُوَ الزِّنَا وَالْخَمْرُ ، وَلَوْ لَمْ تَكُنْ مُحَرَّمَةً لَمَا قَرَنَهَا مَعَهَا (

السلسلة الصحيحة للألباني ١٤٠/١-١٤١ بتصرف )

"ഈ ഹദീഥിൽ രണ്ട് നിലക്ക് വാദ്യോപകരണങ്ങൾ ഹറാമാണ് എന്നതിന് തെളിവുണ്ട്. അതിൽ ഒന്നാമത്തേത്: 'അവർ അനുവദനീയമാക്കും' എന്ന് നബി(സ) പറഞ്ഞതിൽ നിന്ന് വ്യക്തമാണ് അതിൽ പറയപ്പെട്ടവ വാദ്യോപകരണങ്ങളടക്കം ശരീഅത്തിലത് വിരോധിക്കപ്പെട്ടതാണ് എന്ന്. ആ സമൂഹം അത് അനുവദനീയമാക്കുമെന്നതും. രണ്ടാമത്തേത്: ഹറാമാണെന്ന് വളരെ ഖണ്ഡിതമായി പറഞ്ഞ വ്യഭിചാരം, മദ്യം എന്നിവയോട് ചേർത്താണ് സംഗീതത്തെയും പറഞ്ഞത്. അത് ഹറാമല്ലായിരുന്നെങ്കിൽ ഇവയോട് ചേർത്ത് പറയപ്പെടുമായിരുന്നില്ല." (സിൽസിലത്തുസ്സ്വഹീഹ അൽബാനി: 1/140, 141)

ക്വുർആനും സുന്നത്തും അടിസ്ഥാനമാക്കി പൂർവ്വസൂരികൾ പഠിപ്പിച്ചത് സംഗീതാസ്വാദനം ഹറാമാണ് എന്നു തന്നെ; അതിന് പൂർവികരായ പണ്ഡിന്മാരുടെ ഇജ്മാഉണ്ട്. ഇജ്മാഇലും (ഏകോപിത വീക്ഷണം) ഇഖ്തിലാഫിലും (ഭിന്ന വീക്ഷണം) ആധികാരികമായി അഭിപ്രായം പറയാൻ പരിഗണിക്കപ്പെടുന്ന അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാരുടെ കൂട്ടത്തിലെ ഒരാളിൽനിന്ന് പോലും സംഗീതം അനുവദനീയമാണ് എന്ന അഭിപ്രായം സ്ഥിരപ്പെട്ടു വന്നിട്ടില്ല.

ശൈഖുൽ ഇസ്ലാം ഇബ്നുതീമിയ്യ:(റഹി) പറഞ്ഞു:

مَذْهَبُ الْأَئِمَّةِ الْأَرْبَعَةِ أَنَّ آلَاتِ اللَّهْوِ كُلَّهَا حَرَامٌ، ثَبَتَ فِي صَحِيحِ الْبُخَارِي وَغَيْرِهِ أَنَّ النَّبِيَّ صلى الله عليه وسلم أَخْبَرَ أَنَّهُ سَيَكُونُ مِنْ أُمَّتِهِ مَنْ يَسْتَحِلُّ الْحِرَ وَالْحَرِيرَ وَالْخَمْرَ وَالْمَعَازِفَ، وَذَكَرَ أَنَّهُمْ يُمَسَّخُونَ قِرَدَةً وَخَنَازِيرَ، .. وَلَمْ يَذْكُرْ أَحَدٌ مِّنْ أَتْبَاعِ الْأَئِمَّةِ فِي آلَاتِ اللَّهْوِ نِزَاعًا

"നാല് മദ്ഹബിലെ ഇമാമുമാരെല്ലാം തന്നെ വിനോദോപകരണങ്ങൾ എല്ലാം ഹറാമാണെന്ന് വ്യക്തമാക്കിയവരാണ്. സ്വഹീഹുൽ ബുഖാരിയിലും മറ്റും സ്ഥിരപ്പെട്ട് വന്നിരിക്കുന്നു, നബി(സ) അറിയിച്ചു: അവിടുത്തെ സമുദായത്തിൽ ഒരു വിഭാഗമുണ്ടാവും, അവർ വ്യഭിചാരം, പട്ട്വസ്ത്രം, മദ്യം, സംഗീതം എന്നിവ അനുവദനീയമാക്കും, ശേഷം പറഞ്ഞു: അങ്ങിനെയുള്ളവരെ കുരങ്ങുകളും, പന്നികളുമായി രൂപം മാറ്റുന്നതാണ്'. ഇമാമുമാരെ

പിൻപറ്റുന്നവരിൽ ആർക്കിടയിലും സംഗീതോപകരണത്തിൽ അഭിപ്രായ വ്യത്യാസമില്ല." (അൽമജ്മൂഅ്: 11/576).

ശൈഖ് അൽബാനി(റഹി) പറഞ്ഞു:

اتَّفَقَتِ الْمَذَاهِبَ الأَرْبَعَةَ عَلَى تَحْرِيمِ آلاَتِ الطَّرْبِ كُلِّهَا

"സംഗീതോപകരണങ്ങൾ മുഴുവനും ഹറാമാണെന്ന കാര്യത്തിൽ നാല് മദ്ഹബിന്റെ ഇമാമുമാരും യോജിച്ചിരിക്കുന്നു." (അസ്സ്വഹീഹ: 1/145)

ഒരു വ്യക്തിക്ക് മരണാനന്തരമുള്ള അനശ്വരമായ ലോകത്തേക്ക് ഉപകാരപ്പെടുക ഈ ലോകത്ത് വെച്ച് സമ്പാദിക്കുന്ന നന്മകൾ മാത്രമാണ്. ലോകരെ പ്രസ്തുത സത്യത്തിലേക്ക് ക്ഷണിക്കുകയും നന്മകൾ അധികരിപ്പിച്ചു നിഷിദ്ധങ്ങൾ വെടിഞ്ഞ് ജീവിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടവരാണ് സത്യവിശ്വാസികൾ. എന്നാൽ അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും മാലോകരെ പുറംതിരിഞ്ഞു നിൽക്കാൻ ശീലിപ്പിക്കുകയാണ് ജമാഅത്തെ ഇസ്ലാമി ഒന്നടങ്കം ചെയ്യുന്നത്. ദൈവികമാർഗത്തിൽനിന്ന് ജനത്തെ വ്യതിചലിപ്പിക്കുന്ന ഇതുപൊലെയുള്ള വർഗങ്ങൾ ചരിത്രത്തിൽ മുമ്പും കഴിഞ്ഞുപോയിട്ടുണ്ട്. അവരെ കുറിച്ചാണ് സയ്യിദ് മൗദൂദി ഇങ്ങനെ എഴുതിയത്: "ഒരു വശത്ത്, ജ്ഞാനവും മാർഗദർശനവും നിറഞ്ഞ ദൈവികസൂക്തങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. അവൻ അതിൽനിന്ന് പിന്തിരിഞ്ഞുപോകുന്നു. മറുവശത്ത്, തന്റെ സ്വഭാവസംസ്കാരങ്ങളെ നശിപ്പിക്കുന്ന അവിവേകങ്ങളും മൂഢതകളും പണംകൊടുത്തു വാങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു... ...അവൻ യാതൊരു ജ്ഞാനവുമില്ലാതെ ആളുകളെ മാർഗദർശനം ചെയ്യാൻ ധൃഷ്ടനായിരിക്കുന്നു. ദൈവദാസന്മാരെ ദൈവികസരണിയിൽനിന്ന് വ്യതിചലിപ്പിക്കാൻ ശ്രമിക്കുകവഴി എത്ര വലിയ അക്രമമാണ് താൻ ചെയ്യുന്നതെന്ന് അവൻ അറിയുന്നില്ല." (സയ്യിദ് മൗദൂദി, തഫ്ഹീമുൽ ഖുർആൻ, ലുഖ്മാൻ 6-ാം സൂക്തം, വാള്യം 4, പേജ് 5)

എത്രമാത്രം സത്യമാണ് മേൽവരികൾ. സംഗീതലഹരിയിൽ മുസ്ലിം സമൂഹം ആണ്ടുപോയിരിക്കുകയാണ്. അതിന് താങ്ങും തണലുമായി ജമാഅത്തെ ഇസ്ലാമിയുടെ നിരവധി 'ആധുനിക ഫത്വ'കളും. ഒരു മുസ്ലിമിന്റെ ഏതൊരു ആഘോഷവേളയിലും ഈ പൈശാചിക ഉപകരണങ്ങളുമായി പ്രത്യക്ഷപ്പെടാൻ പ്രവാചക(സ)ന്റെ അനുയായികൾ എന്നവകാശപ്പെടുന്ന ആളുകൾക്ക് മടിയില്ലാതായിരിക്കുന്നു. വിവാഹ സത്കാരങ്ങളിൽ സമ്പത്ത് ചിലവഴിച്ച് മത്സരബുദ്ധിയോടെ ഇത്തരം വൃത്തികെട്ട അരങ്ങിന് സാക്ഷ്യവഹിക്കേണ്ട ഗതികേട് മുസ്ലിം സമുദായത്തിൽ അന്തർഭാഗമായിരിക്കുന്നു. എന്നാൽ സലഫുകൾ ഇതിനെയെല്ലാം അങ്ങേയറ്റം വെറുപ്പോടുകൂടിയാണ് നോക്കികണ്ടത്. അതിനുള്ള തെളിവാണ് മഹാനായ ഇമാം ഹസനുൽ ബസ്വരി(റഹി)യുടെ ഈ പ്രസ്താവന:

إِنْ كَانَ فِي الْوَلِيمَةِ لَهْوٌ –أَيْ غِنَاءٌ وَلَعِبٌ–، فَلاَ دَعْوَةَ لَهُمْ (الجامع للقيرواني)

"വിവാഹ വിരുന്നുസൽകാരങ്ങളിൽ (വലീമയിൽ) വിനോദ പരിപാടികൾ അഥവാ സംഗീതങ്ങളും കളികോലാഹങ്ങളുമുണ്ടെങ്കിൽ അവരുടെ ക്ഷണം സ്വീകരിക്കേണ്ടതില്ല." (അൽ ജാമിഉ ഫിൽ ഖൈറുവാനി)

മുസ്ലിം മനസ്സുകളിൽ സംഗീതത്തിന്റെ വിഷവിത്തു നട്ടുവളർത്താൻ മാത്രം ഉപകരിക്കുന്ന ജമാഅത്തിന്റെ സംഭാവനയാണല്ലോ 'മീഡിയവൺ' എന്ന ചാനൽ. അതിലൂടെ മേൽ പറയപ്പെട്ട മുഴുവൻ തിന്മയും മലയാളികൾക്കിടയിൽ സംപ്രേഷണം ചെയ്യപ്പെടുന്നുണ്ട്. ഈ കൃത്യത്തിന് ബിസ്മിയും ഹംദും സ്വലാത്തും ശൊല്ലി ആശംസകൾ നേർന്നവർ സമുദായത്തിലുണ്ട് എന്ന് ഓർക്കുമ്പോൾ, സംഗീതത്തിന്റെ ദുസ്വാധീനം എന്തുമാത്രം പ്രചരിച്ചിരിക്കുന്നു എന്ന് അത് അറിയിക്കുന്നു (അല്ലാഹുവിൽ ശരണം!).

നബി(സ) പറഞ്ഞതായി സഅ്ദി(റ)വിൽ നിന്ന് നിവേദനം:

سَيَكُونُ فِي اَخِرِ الزَّمَانِ خَسْفٌ وَ قَذْفٌ وَ مَسْخٌ، إِذَا ظَهَرَتِ الْمَعَازِفِ وَ الْقَيْنَاتِ، واستحلتِ الْخَمْرُ

“സംഗീതോപകരണങ്ങളും നർത്തകിമാരും വ്യാപകമാവുകയും മദ്യം അനുവദനീയ മാക്കപ്പെടുകയും ചെയ്താൽ കാലാവസാനത്തിൽ ഭൂകമ്പവും ചരൽവർഷവും രൂപമാറ്റവും ഉണ്ടാകും” (മുഅ്ജമുത്ത്വബറാനി, അൽബാനി(റഹി) സ്വഹീഹ് എന്ന് വിശേഷിപ്പിച്ച ഹദീഥ്)

വിനോദപരിപാടികളുടെ മേൽവിലാസത്തിൽ മീഡിയകൾ വിസർജിക്കുന്ന സംഗീതഭേദങ്ങൾ മനുഷ്യനെ അപരാധിയാക്കുവാനേ സഹായിക്കുകയുള്ളൂ. ഇക്കാര്യം പൂർവ്വസൂരികൾ മനസ്സിലാക്കിയതിനാലാണ് اَلْغِنَاءُ مَبْدَؤُهُ مِنَ الشَّيْطَانِ وَعَاقِبَتُهُ سَخْطُ الرَّحْمَنِ “ഗാനം പിശാചിൽനിന്ന് തുടങ്ങുന്നു. കാരുണ്യവാനായ റബ്ബിന്റെ കോപത്തിൽ അത് അവസാനിക്കുകയും ചെയ്യുന്നു” (ഉമർ ബ്ൻ അബ്ദിൽ അസീസ് (റഹി), ഗദാഉൽ അൽബാബ്) എന്ന് അവർക്ക് സധൈര്യം പറയാൻ കഴിഞ്ഞത്.

സംഗീതം എന്ന നിഷിദ്ധമായ കരു ഉപയോഗപ്പെടുത്തിയാണ് പിശാചും അവന്റെ കൂട്ടാളികളും പലപ്പോഴും ദൈവികമാർഗത്തിൽ നിന്ന് ജനങ്ങളെ അശ്രദ്ധയിലാക്കുന്നത്. അതുകൊണ്ടുതന്നെ പിശാചിന്റെ സർവ്വകുതന്ത്രവും നന്നായി അറിയാവുന്ന അല്ലാഹു ഈ മാരകമായ വിപത്തിനെ കുറിച്ച് പരിശുദ്ധ ക്വുർആനിലൂടെ കൃത്യമായ താക്കീതു നൽകി:

وَمِنَ ٱلنَّاسِ مَن يَشْتَرِى لَهْوَ ٱلْحَدِيثِ لِيُضِلَّ عَن سَبِيلِ ٱللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا ۚ أُو۟لَـٰٓئِكَ لَهُمْ عَذَابٌ مُّهِينٌ

“ജനങ്ങളിൽ ചിലർ ഇങ്ങനെയുമുണ്ട്. അവർ ഒരു വിവരവുമില്ലാതെ ദൈവികമാർഗത്തിൽനിന്ന് ജനത്തെ വ്യതിചലിപ്പിക്കുന്നതിനും ഈ മാർഗത്തിലേക്കുള്ള പ്രബോധനത്തെ പരിഹസി ക്കുന്നതിനും വേണ്ടി വഞ്ചനാത്മകമായ വർത്തമാനങ്ങൾ വിലയ്ക്കു വാങ്ങിക്കൊണ്ടുവരുന്നു. ഇത്തരം ആളുകൾക്ക് അവരെ അത്യധികം നിന്ദിതരാക്കുന്ന ശിക്ഷയത്രെ.” (ക്വുർആൻ 31: 6, മൗദൂദിയുടെ പരിഭാഷ)

അല്ലാഹുവിന്റെ ദീനിനോടുള്ള സ്നേഹവും, പൊതുജനങ്ങളോടുള്ള ഗുണകാംക്ഷകൊണ്ടും സലഫികൾ മതത്തെ സമഗ്രമായി പരിചയപ്പെടുത്തുമ്പോൾ, വിശേഷിച്ച് പൂർവ്വസൂരികളായ സലഫുകൾ മനസ്സിലാക്കിയ രൂപത്തിൽ അവതരിപ്പിക്കുമ്പോൾ, അതിനെ അക്ഷരപൂജകരും കടുംപിടിത്തക്കാരും സ്കെയിൽ മതത്തിന്റെ വക്താക്കളും മുതശദ്ദിദുകളുമൊക്കെയായി ജമാഅത്തെ ഇസ്ലാമി കളിയാക്കുകയാണ്. ഇവരുടെ ഓരോ പരിഹാസ വാക്കുകളും ചെന്നുപതിക്കുന്നത് അടിസ്ഥാന പ്രമാണങ്ങളുടെ മീതെയാണ്. അല്ലാഹുവിന്റെ മാർഗത്തിലേക്കുള്ള ഏതു ക്ഷണത്തെയും പരിഹസിക്കുക എന്നത് കുറ്റകരമായ കാര്യമാണ്. പൊതുജന സഹകരണം പ്രതീക്ഷിച്ചും, സലഫിയ്യത്തിലേക്കുള്ള പ്രയാണത്തിന് തടസ്സമാക്കി ക്കൊണ്ടും എത്രയെത്ര കലാപരിപാടികളാണ് ഈ കൂട്ടർ മലയാളികൾക്കിടയിൽ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ മേൽസൂകത്തിതിന് മൗദൂദി നൽകിയ വ്യാഖ്യാന ത്തിലെ ഒരു ഭാഗം ഓർക്കുന്നത് നഷ്ടമാകുകയില്ല. അതിങ്ങനെ: “ഈ മാർഗത്തിലേക്കുള്ള പ്രബോധനത്തെ പരിഹസിക്കുന്നതിനുവേണ്ടി എന്നു പറഞ്ഞതിന്റെ താൽപര്യമിതാണ്: അവൻ ആളുകളെ കഥകളിലും ഗാനങ്ങളിലും നിമഗ്നരാക്കി ദൈവികസൂക്തങ്ങളിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു. ഖുർആനിക സന്ദേശങ്ങളെ കളിതമാശകൾക്കിടയിൽ മുക്കിക്കളയാനാണ് അവന്റെ ശ്രമം” (സയ്യിദ് മൗദൂദി, തഫ്ഹീമുൽ ഖുർആൻ, ലുഖ്മാൻ 6-ാം സൂക്തം, വാല്യം 4, പേജ് 5)

മൗദൂദിയുടെ വ്യാഖ്യാനങ്ങളിൽ ഇങ്ങനെയും കൂടി കാണാം: “ഇവിടെ മുഹമ്മദ്(സ) ദൈവികസൂക്തങ്ങൾ കേൾപ്പിക്കാൻ തുടങ്ങിയാൽ അപ്പുറം സൗന്ദര്യവും സ്വരമാധുര്യവുമുള്ള

സ്ത്രീകൾ ആടുകയും പാടുകയും ചെയ്യുന്ന സദസ്സുകൾ സംഘടിപ്പിക്കുക. മറ്റൊരിടത്ത് വാക്ചാതുര്യമുള്ളവർ മഹാരാജാക്കന്മാരുടെ ചരിത്രങ്ങളും ഇറാനിലെ പരാക്രമശാലികളുടെ കഥകളും അവതരിപ്പിക്കുന്ന സഭകളുണ്ടാക്കുക. അങ്ങനെ ജനത്തെ ഈ സാംസ്കാരിക വൈകൃതങ്ങളിൽ നിമഗ്നരാക്കി, ദൈവത്തെക്കുറിച്ചും പരലോകത്തെക്കുറിച്ചും ധർമത്തെക്കുറിച്ചുമൊക്കെ കേൾക്കാനേ കഴിയാത്തവരാക്കുക.” (സയ്യിദ് മൗദൂദി, തഫ്ഹീമുൽ ഖുർആൻ, ലുഖ്മാൻ 6-ാം സൂക്തം, വാള്യം 4, പേജ് 5)

ദീൻ പറയുന്ന വേദികളിൽ നിന്ന് അതിന്റെ ശ്രോതാക്കളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്ന ആദർശവിരോധികളായ ആളുകളിലും മക്കയിലെ സത്യനിഷേധികളായ ആളുകളുടെ ഈ സ്വഭാവം കടന്നുകൂടിയിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് ജനങ്ങളെ വ്യതിചലിപ്പിക്കുന്നതിനും മതപ്രബോധനത്തെ പരിഹസിക്കുന്നതിനും വേണ്ടി ലഹ്വുൽ ഹദീസ് (വഞ്ചനാത്മകമായ വർത്തമാനങ്ങൾ) വിലക്കുവാങ്ങിയവരെകുറിച്ചാണല്ലോ ഈ സംസാരം. അതുകൊണ്ടുതന്നെ എന്താണ് ഈ ലഹ്വുൽ ഹദീസ് എന്ന് സാമാന്യം നാം അറിയേണ്ടിയിരിക്കുന്നു. അതിന് സയ്യിദ് മൗദൂദിയുടെ ഈ വരികൾ ഉപകാരപ്പെടാതിരിക്കില്ല: “മനുഷ്യമനസ്സിനെ പൂർണമായി കീഴടക്കുകയും മറ്റെല്ലാ കാര്യങ്ങളിൽനിന്നും അവനെ അശ്രദ്ധനാക്കുകയും ചെയ്യുന്ന സംഗതിയാണ് അതുകൊണ്ടുള്ള വിവക്ഷ. ഭാഷാപരമായി നോക്കിയാൽ ഈ വാക്കിൽ ആക്ഷേപധ്വനിയില്ല. എങ്കിലും അനാവശ്യവും മൂഢവുമായ കാര്യങ്ങളെ ഉദ്ദേശിച്ചാണ് അത് സാധാരണയായി ഉപയോഗിക്കാറുള്ളത്. ഉദാ: ചൂതാട്ടം, അനാചാരങ്ങൾ, കെട്ടുകഥകൾ. തരംതാണ ഫലിതങ്ങൾ. ‘ലഹ്വുൽ ഹദീസ്’ വാങ്ങുക എന്നതിന് ഇങ്ങനെയും അർത്ഥം കൊടുക്കാം: ഒരാൾ സത്യവാർത്ത തള്ളിക്കളഞ്ഞ് അസത്യവാർത്ത സ്വീകരിക്കുകയും സന്മാർഗത്തിൽനിന്ന് പിന്തിരിഞ്ഞ് തനിക്ക് ഇഹത്തിലോ പരത്തിലോ യാതൊരു ഗുണവും ചെയ്യാത്ത പാഴ്‌വേലകളിൽ ഉന്മുഖനാവുകയും ചെയ്യുക. പക്ഷേ, അത് ആലങ്കാരികമായ അർത്ഥമാണ്. തന്റെ പണം ചെലവഴിച്ച് അനാവാശ്യം വാങ്ങിക്കുക എന്നുതന്നെയാണ് യഥാർത്ഥ അർത്ഥം. ഈ വ്യാഖ്യാനത്തിന് ഉപോൽബലകമായി ധാരാളം നിവേദനങ്ങളുണ്ട്... ...ഒരിക്കൽ ഒരാൾ അബ്ദുല്ലാഹിബ്നു മസ്ഊദിനോടു ചോദിച്ചു: ഈ സൂക്തത്തിലെ ലഹ്വുൽ ഹദീസിന്റെ താൽപര്യമെന്താണ്? അദ്ദേഹം മൂന്നുവട്ടം അസന്ദിഗ്ധമായി പറഞ്ഞു: ‘അല്ലാഹുവാണ, അതിന്റെ താത്പര്യം ഗാനമാണ്.’ (ഇബ്നു ജരീർ, ഇബ്നു അബീശൈബ, ഹാകിം, ബൈഹഖി), ഇതുപോലുള്ള അഭിപ്രായങ്ങൾ ഹ: അബ്ദുല്ലാഹിബ്നു അബ്ബാസ്, ജാബിറുബ്നു അബ്ദില്ലാഹ്, മുജാഹിദ്, ഇക്രിമ, സഈദുബ്നു ജുബൈർ, ഹസൻ ബസ്വരി, മക്ഹൂൽ എന്നിവരിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇബ്നു ജരീർ, ഇബ്നു അബീഹാതിം, തിർമുദി തുടങ്ങിയവർ അബൂ ഉമാമതുൽ ബാഹിലിയ്യിൽനിന്നും ഉദ്ധരിക്കുന്നു. നബി(സ) പ്രസ്താവിച്ചു: ‘ഗായികകളെ വിൽക്കുന്നതും വാങ്ങുന്നതും അവരെ കച്ചവടം ചെയ്യുന്നതും അവരുടെ വിലയും അനുവദനീയമല്ല.’ മറ്റൊരു നിവേദനത്തിൽ അവസാന വാക്യം ഇങ്ങനെയാണ് ‘അവരുടെ വില ഭുജിക്കുന്നത് നിഷിദ്ധമാകുന്നു.’ അബൂ ഉമാമയിൽനിന്നുതന്നെ മറ്റൊരു നിവേദനം ഇങ്ങനെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: ‘അടിമസ്ത്രീകളെ പാട്ടുപഠിപ്പിക്കുന്നതും അവരെ ക്രയവിക്രയം ചെയ്യുന്നതും അനുവദനീയമല്ല. അവരുടെ വില നിഷിദ്ധമാകുന്നു.’ ഈ മൂന്നു ഹദീസുകളിൽ നിന്നും, ‘മൻ യശ്തരി ലഹ്‌വൽ ഹദീസി’ എന്ന വാക്യം അവതരിച്ചത് അവരെക്കുറിച്ചാണെന്ന് സ്പഷ്ടമാകുന്നുണ്ട്. ഖാളി അബൂബക്കർ ഇബ്നുൽ അറബി തന്റെ അഹ്കാമുൽ ഖുർആനിൽ അബ്ദുല്ലാഹിബ്നു മുബാറക്ക്, ഇമാം മാലിക്ക് എന്നിവരെ അവലംബിച്ച് അനസി(റ)ൽനിന്നും ഉദ്ധരിക്കുന്നു: നബി(സ) പ്രസ്താവിച്ചു: വല്ലവനും ഒരു ഗായികയുടെ സദസ്സിലിരിക്കുകയും അവളുടെ പാട്ട് കേൾക്കുകയും ചെയ്താൽ പുനരുത്ഥാനനാളിൽ അയാളുടെ കാതുകളിൽ ഈയം ഉരുക്കിയൊഴിക്കപ്പെടുന്നതാണ്.’ അക്കാലത്ത് ആട്ടത്തിന്റെയും പാട്ടിന്റെയും സംസ്കാരം നൂറുശതമാനം നിലനിന്നിരുന്നത് അടിമസ്ത്രീകൾ മുഖേനയായിരുന്നുവെന്ന വസ്തുതകൂടി ഇവ്വിഷയകമായി അറിഞ്ഞിരിക്കേണ്ടതാണ്.” (സയ്യിദ് മൗദൂദി, തഫ്ഹീമുൽ ഖുർആൻ, ലുഖ്മാൻ 6-ാം സൂക്തം, വാള്യം 4, പേജ് 5-7)

മനസ്സിനും വികാരങ്ങൾക്കും സുഖംനൽകുന്നുവെന്നും, അനുഭൂതികളെ പോഷിപ്പിക്കുന്നു വെന്നും ജൽപിച്ചാണ് പലരും സംഗീതത്തെ പ്രോത്സാഹിപ്പിക്കുന്നത്. ശരിയല്ല ആ വാദം. മനസ്സിൽ വികലവികാരങ്ങളും, നൈമിഷികേച്ഛകളും ഇളക്കിവിടുന്ന സംഗതിയാണ് സംഗീതം. മീഡിയാവണ്ണിന്റെ റിയാലിറ്റി ഷോയെകുറിച്ചുള്ള ഒരു പരസ്യം നോക്കൂ: "സ്നേഹത്തിന്റെ ഈണപ്പകർച്ചകൾക്ക് സംഗീതത്തിന്റെ മൈലാഞ്ചിയണിയിക്കുന്ന രാഗതാളലയമേളം. ചരിത്രവും സംസ്കാരവും കഥപറയുന്ന മലബാറിന്റെ പവിത്രസംഗീതത്തിന്റെ തനിയാവർത്തനം." പരിശുദ്ധ റമളാനിൽ പോലും ഈ രാഗതാളലയമേളം മുസ്‌ലിം വീടുകളിൽ പാടിതിമിർക്കുകയായിരുന്നു. ഇതിന്റെയെല്ലാം രക്ഷാധികാരിയാകട്ടെ ജമാഅത്തെ ഇസ്‌ലാമിയും. ഈ വക തിന്മകൾ പ്രചരിപ്പിക്കാൻ ജമാഅത്തെ ഇസ്‌ലാമി അടക്കമുള്ള സംഗീത പ്രേമികൾ തെളിവ് പിടിക്കാറുള്ളത് ചില ഹദീസുകളാണ്. പെരുന്നാൾ ദിനത്തിൽ നബി(സ) ആയിശാ(റ)യുടെ അടുക്കൽ ചെന്നപ്പോൾ രണ്ട് അടിമ പെൺകുട്ടികൾ അവരുടെ അടുക്കൽ ദഫ്ഫ് മുട്ടി പാടിയതും അതിന് നബി(സ) അനുവാദം കൊടുത്തതുമാണ് അതിലെ ഒരു തെളിവ്. മറ്റൊന്ന് നികാഹിന്റെ വേളയിൽ ദഫ്ഫ് മുട്ടിപാടാൻ നബി(സ) അനുവാദം കൊടുത്തതാണ്. ഇതുപോലെ പ്രവാചകനും സ്വഹാബികളും കിടങ്ങ് കുഴിച്ചപ്പോൾ (ജോലി ചെയ്യുന്ന സമയത്ത്) ഉത്സാഹത്തിനിന് വേണ്ടി ആലപിച്ച പദ്യങ്ങളും ഈ കൂട്ടർ തെളിവ് പിടിക്കാറുണ്ട്. ഇതിലൊന്നും വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള ഗാനാലാപനത്തിന് തെളിവില്ല എന്നതാണ് വസ്തുത. പ്രസ്തുത വാദം ഉന്നയിക്കുന്നവർക്ക് മറുപടിയായിക്കൊണ്ട് ഇമാം ഇബ്നുൽ ഖയ്യിം(റഹി) പറയുന്നത് കാണുക:

وَأَعْجَبَ مِنَ هَذَا اِسْتَدْلاَلِكُمْ عَلَى إِبَاحَةِ السَّمَاعِ الْمُرَكَّبِ مِمَّا ذَكَرْنَا مِنَ الْهَيْئَةِ الْاِجْتِمَاعِيَةِ بِغِنَاءِ بِنْتَيْنِ صَغِيرَتَيْنِ دُونَ الْبُلُوغِ عِنْدَ اِمْرَأَةٍ صَبِيَّةٍ فِي يَوْمِ عِيدٍ وَفَرْحٍ بِأَبْيَاتٍ مِنْ أَبْيَاتِ الْعَرَبِ فِي وَصْفِ الشُّجَاعَةِ وَالْحُرُوبِ وَمكَارِمِ الْأَخْلاَقِ وَالشِّيَمِ ، فَأَيْنَ هَذَا مِنْ هَذَا ، وَالْعَجِيبُ أَنَّ هَذَا الْحَدِيثَ مِنْ أَكْبَرِ الْحُجَجِ عَلَيْهِمْ ، فَإِنَّ الصِّدِّيقَ الْأَكْبَرَ رَضِيَ اللهُ عَنْهُ سَمَّى ذَلِكَ مَزْمُورًا مِّنْ مَزَامِيرِ الشَّيْطَانِ ، وَأَقَرَّهُ رَسُولُ اللهِ صلى الله عليه وسلم عَلَى هَذِهِ التَّسْمِيَةِ ، وَرَخَّصَ فِيهِ لِجُوَيْرِيَتَيْنِ غَيْرَ مُكَلَّفَتَيْنِ وَلَا مَفْسَدَةَ فِي إِنْشَادِهِمَا وَلَاسْتِمَاعِهِمَا ، أَفَيَدُلُّ هَذَا عَلَى إِبَاحَةِ مَا تَعْمَلُونَهُ وَتُعَلِّمُونَهُ مِنَ السَّمَاعِ الْمُشْتَمِلِ عَلَى مَا لَا يَخْفَى ؟! فَسُبْحَانَ اللهِ كَيْفَ ضَلَّتِ الْعُقُولُ وَالْأَفْهَامُ؟

"നാം സൂചിപ്പിച്ചതുപോലെ, സംഗീതോപകരണങ്ങളുപയോഗിച്ച് രചിച്ച സംഘമായുള്ള ഗാനം കേൾക്കുന്നതിനെ ഹലാലാക്കാൻ, പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികൾ പെരുന്നാൾ ദിനത്തിൽ അതേ പോലുള്ള ഒരു പെൺകുട്ടിയുടെ അരികിൽ വെച്ച് അറബികളുടെ യുദ്ധത്തേയും, ധീരതയേയും, ഉന്നത സ്വഭാവത്തെയും വർണ്ണിക്കുന്ന ചില ബൈത്തുകൾ പാടിയതിനെ നിങ്ങൾ തെളിവാക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു! ഈ പെൺകുട്ടികൾ ചെയ്തതിനെ അപേക്ഷിച്ച് നിങ്ങളുടെ പ്രവർത്തനം എവിടെ കിടക്കുന്നു? പ്രസ്തുത ഹദീഥ് ഇങ്ങനെയുള്ളവർക്കെതിരെയുള്ള വലിയ തെളിവാണ്. കാരണം, ആ കുട്ടികളുടെ ഗാനാലാപനത്തെ അബൂബക്കർ(റ) പിശാചിന്റെ സങ്കീർത്തനം എന്നാണ് വിശേഷിപ്പിച്ചത്? ആ പ്രസ്താവനയെ അല്ലാഹുവിന്റെ റസൂൽ നിഷേധിച്ചിട്ടില്ല, ശരിവെക്കുകയാണ് ചെയ്തത്. എന്നാൽ പ്രായപൂർത്തിയെത്തിയിട്ടില്ലാത്ത, പാടുന്നതു കൊണ്ടൊ കേൾക്കുന്നതു കൊണ്ടൊ പ്രശ്നമുദിക്കാത്ത ചെറിയ രണ്ട് പെൺകുട്ടികൾക്ക് പാടാൻ ഇളവു നൽകുക മാത്രമാണ് റസൂൽ(സ) ചെയ്തത്. നിങ്ങളിന്ന് ഉപയോഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന, ഏവർക്കുമറിയാവുന്ന സംഗീതമയമായ ഗാനങ്ങളെ ഹലാലാക്കാൻ ഈ സംഭവം എങ്ങിനെയാണ് തെളിവാകുക?! സുബ്ഹാനല്ലാഹ്! ഈ മനുഷ്യരുടെ ബുദ്ധിയും, വിവേകവും എങ്ങിനെയാണ് വഴിതെറ്റിപോകുന്നത്?" (മദാരിജു സ്സാലികീൻ 1/493)

ഇമാം ഇബ്നുൽ ജൗസി(റ) ഇതു സംബന്ധമായി പറഞ്ഞത് ഇങ്ങനെയാണ്:

وَقَدْ كَانَتْ عَائِشَةُ رضي الله عنها صَغِيرَةٌ فِي ذَلِكَ الْوَقْتِ، وَلَمْ يُنْقَلْ عَنْهَا بَعْدَ بُلُوغِهَا وَتَحْصِيلِهَا إِلَّا ذَمُّ الْغِنَاءِ ، قَدْ كَانَ ابْنِ أَخِيهَا اَلْقَاسِمُ بْنُ مُحَمَّدٍ يَذُمُّ الْغِنَاءَ وَيَمْنَعُ مِنْ سِمَاعِهِ وَقَدْ أَخَذَ الْعِلْمَ عَنْهَا .

"ഈ സംഭവം നടക്കുന്ന വേളയിൽ ആയിഷ(റ) ചെറിയ കുട്ടിയായിരുന്നു. പ്രായപൂർത്തിയായതിനും, അറിവു സമ്പാദനത്തിനും ശേഷം അത്തരമൊരു സംഭവം അവരിൽ നിന്നുണ്ടായതായി പ്രസ്താവിക്കപ്പെട്ടിട്ടില്ല. എന്നല്ല, അവരതിനെ വിമർശിക്കുകയാണ് ചെയ്തിട്ടുള്ളത്. അവരുടെ സഹോദര പുത്രനായ ഖാസിമു ബ്നു മുഹമ്മദ് സംഗീതത്തെ വിമർശിക്കുകയും അത് ശ്രവിക്കുന്നതിനെ നിരോധിക്കുകയും ചെയ്യാറുണ്ടായിരുന്നു. ആയിഷ(റ)യിൽ നിന്നുമാണ് അദ്ദേഹം വിജ്ഞാനം സ്വീകരിച്ചിരുന്നത്." (തൽബീസു ഇബ്ലീസ്: 229)

സംഗീതം നിഷിദ്ധമാണ് എന്ന് സ്ഥാപിക്കുന്ന ധാരാളം തെളിവുകൾ ഇസ്ലാമിക പ്രമാണങ്ങളിൽ നിലനിൽക്കുന്നുണ്ട്. എന്നിട്ടും സ്വഹാബികളും, താബിഉകളും സംഗീതം കേട്ടിരുന്നുവെന്നും, അവരൊന്നും അതിൽ ഒരു കുഴപ്പവും കണ്ടിരുന്നില്ലായെന്നും ചിലർ വിളിച്ചു പറയുകയാണ്. ഇത്തരം ആളുകളോട് ശൈഖ് ഫൗസാൻ (ഹഫിളഹുല്ലാഹ്) ചോദിക്കുകയാണ്:

نَحْنُ نُطَالِبُهُ بِإِبْرَازِ الْأَسَانِيدِ الصَّحِيحَةِ إِلَى هَؤُلَاءِ الصَّحَابَةِ وَالتَّابِعِينَ بِإِثْبَاتِ مَا نَسَبَهُ إِلَيْهِمْ، ثُمَّ قَالَ: ذَكَرَ الْإِمَامُ مُسْلِمُ فِي مُقَدِّمَةِ صَحِيحِهِ عَنْ عَبْدِ اللهِ بْنِ الْمُبَارَكِ أَنَّهُ قَالَ: اَلْإِسْنَادُ مِنَ الدِّينِ، وَلَوْلَا الْإِسْنَادُ لَقَالَ مَنْ شَاءَ مَا شَاءَ.

"ഇങ്ങനെയുള്ളവരോട് നാം ആശ്യപ്പെടുന്നു: സ്വഹാബികളും, താബിഉകളും അങ്ങനെ ചെയ്തിരുന്നുവെന്നതിന് സ്വഹീഹായ സനദ് വെളിവാക്കൂ എന്നാണ്' ശേഷം പറഞ്ഞു: 'ഇമാം മുസ്ലിം തന്റെ സ്വഹീഹിന്റെ മുഖദ്ദിമയിൽ പറഞ്ഞു: അബ്ദുല്ലാഹ്ബ്നു മുബാറക് നിവേദനം: സനദ് ദീനിൽ പെട്ടതാണ്, സനദില്ലായിരുന്നെങ്കിൽ ഉദ്ദേശിക്കുന്നവർ ഉദ്ദേശിക്കുന്നതെല്ലാം പറയുമായിരുന്നു'"

മുസ്ലിം സമുദായത്തിലെ സംഗീതപ്രേമികൾ യാതൊരു രേഖയുമില്ലാതെ തന്നെയാണ് വാദ്യോപകരണങ്ങൾ അനുവദനീയമാക്കാൻ വെമ്പൽ കാണിക്കുന്നത്. അല്ലാഹുവിന്റെ ശരീഅത്തിൽ ഇഷ്ടമുള്ളത് സ്വീകരിക്കുകയും അതല്ലാത്തത് കണ്ണടക്കുകയും ചെയ്യുന്ന പ്രവണത വിമർശനം അർഹിക്കുന്നത് തന്നെ. ഇമാം ഇബ്നുൽ ഖയ്യിം(റഹി) പറയുകയാണ്:

وَأَمَّا مَذْهَبُ الْإِمَامِ أَحْمَدَ فَقَالَ عَبْدُ اللهِ ابْنُهُ : سَأَلْتُ أَبِي عَنِ الْغِنَاءِ فَقَالَ: اَلْغِنَاءُ يَنْبُتُ النِّفَاقَ بِالْقَلْبِ ، لَا يُعْجِبُنِي، ثُمَّ ذَكَرَ قَوْلَ مَالِكٍ : إِنَّمَا يَفْعَلُهُ عِنْدَنَا الْفُسَّاقُ ( إِغَاثَةُ اللَّهفَانِ )

"എന്നാൽ ഇമാം അഹ്മദുബ്നു ഹമ്പലിന്റെ മദ്ഹബ്, അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലാഹ് പറഞ്ഞു: ഞാനെന്റെ പിതാവിനോട് സംഗീതത്തെ കുറിച്ച് ചോദിച്ചു, അപ്പോൾ അദ്ദേഹം പറഞ്ഞത്: സംഗീതം ഹൃദയത്തിൽ കാപട്യം വളർത്തും, അതിൽ യാതൊരു അത്ഭുതവുമില്ല. ശേഷം മാലികിന്റെ വാക്കുകൾ ഉദ്ധരിച്ചു: അത് ഞങ്ങളുടെ അടുത്ത് തെമ്മാടികൾ ചെയ്യുന്ന കാര്യമാണ്". (ഇഗ്വാഥതുല്ലഗ്ഫാൻ).

സംഗീതം ആസ്വദിക്കുന്നത് ശീലമാക്കിയ ഒരു വ്യക്തിയുടെ മാനസികാവസ്ഥയെ വിശദീകരിച്ചു കൊണ്ട് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ(റഹി) പറയുന്നു:

وَلِهَذَا يُوجَدُ مِنْ اِعْتَادِهِ وَاغْتَذَى بِهِ لاَ يَحِنُّ عَلَى سِمَاعِ الْقُرْآنِ، وَلاَ يَفْرَحُ بِهِ، وَلاَ يَجِدُ فِي سِمَاعِ الْآيَاتِ كَمَا يَجِدُ فِي سِمَاعِ الْأَبْيَاتِ، بَلْ إِذَا سَمِعُوا الْقُرْآنَ سَمِعُوهُ بِقُلُوب لَاهِيَةٍ وَأَلْسِنٍ لَاغِيَةٍ، وَإِذَا سَمِعُوا الْمُكَاءَ وَالتَّصْدِيَةَ خَشَعَتِ الْأَصْوَاتُ وَسَكَنَتِ الْحَرَكَاتُ وَأَصْغَتِ الْقُلُوبُ

"ഗാനാസ്വാദനം പതിവാക്കുകയും അതിൽ സംതൃപ്തി കണ്ടെത്തുകയും ചെയ്ത ഒരു വ്യക്തിയിൽ ഖുർആൻ ശ്രവണത്തിന് യാതൊരു താത്പര്യവുമുണ്ടാകില്ല. അതു കേൾക്കുന്നതുമുഖേന യാതൊരാനന്ദവും അവനനുഭവിക്കുകയില്ല. ഗാനവരികൾ കേൾക്കുന്നത്ര ആവേശം ക്വുർആനിക വചനങ്ങൾ കേൾക്കുന്നതിൽ അവന്നുണ്ടാവുകയുമില്ല. അഥവാ ഇനി കേൾക്കുകയാണെങ്കിൽത്തന്നെ അശ്രദ്ധമായും ഇടയിൽ സംസാരങ്ങളിൽ മുഴുകിയുമായിരിക്കും അവനതു കേൾക്കുക. എന്നാൽ, താളമേളങ്ങളുടെ ശബ്ദ വീചികൾ കേൾക്കാനായാലോ, നിശ്ചലം, സാകൂതം അവനതിനെ ശ്രവിച്ചിരിക്കും. അവനതിൽ ഹൃദയപൂർവം ലയിച്ചിരിക്കും." (അൽ മജ്മൂഅ്: 11/557)

കുർആൻ, സുന്നത്ത്, ഇജ്മാഅ് എന്നിവകൊണ്ടെല്ലാം സംഗീതം ഹറാമാണെന്ന് അർത്ഥശങ്കക്കിടയില്ലാത്തവിധം വ്യക്തമാണ്. എന്നിട്ടും മതിയാകുവോളം താളമേളങ്ങൾ ആസ്വദിക്കുവാൻ ജമാഅത്തെ ഇസ്‌ലാമി പ്രമാണങ്ങൾ മറച്ചും ഒളിച്ചും അനുവാദം നൽകുകയാണ്. മനുഷ്യരെ വഴിപിഴപ്പിക്കുന്ന ചിലയാളുകളെ അവസ്ഥയെകുറിച്ച് അല്ലാഹു പരിശുദ്ധ ക്വുർആനിൽ പറയുന്നുണ്ട്.

وَلَيَحْمِلُنَّ أَثْقَالَهُمْ وَأَثْقَالًا مَّعَ أَثْقَالِهِمْ ۖ وَلَيُسْـَٔلُنَّ يَوْمَ ٱلْقِيَـٰمَةِ عَمَّا كَانُوا۟ يَفْتَرُونَ

"തങ്ങളുടെ പാപഭാരങ്ങളും സ്വന്തം പാപഭാരങ്ങളോടൊപ്പം വേറെയും പാപഭാരങ്ങളും അവർ വഹിക്കേണ്ടിവരും. അവർ കെട്ടിച്ചമച്ചിരുന്നതിനെപ്പറ്റി ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ചോദ്യം ചെയ്യപ്പെടുന്നതുമാണ്." (ക്വുർആൻ 29:13)

ഈ സൂക്തത്തിന് പണ്ഡിതോചിതവും കണ്ണ് തുറപ്പിക്കാനുതകുന്നതുമായ ഒരു വിശദീകരണം അമാനി മൗലവി(റഹി) നൽകുകയുണ്ടായി. അതിവിടെ ഗുണകാംക്ഷയോടെ കുറിച്ചിട്ടുക്കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കുകയാണ്. അദ്ദേഹം എഴുതി: "മറ്റുള്ളവരെ സൽപന്ഥാവിൽനിന്നു തെറ്റിച്ചു കളയുവാൻ വേണ്ടി വക്രബുദ്ധികളാൽ അനുവർത്തിക്കപ്പെടുന്ന വിവിധ നയങ്ങളിൽപെട്ട ഒന്നാണ് ഇതും. തങ്ങളെപ്പോലെ എല്ലാവരും വഴിപിഴച്ചു കാണണമെന്നാഗ്രഹിക്കുക ദുർജ്ജനങ്ങളുടെ സ്വഭാവമാണ്. മതഭക്തിയില്ലാത്ത മുസ്‌ലിം നാമധാരികളായ ചിലയാളുകൾ, അൽപജ്ഞരും ശുദ്ധഗതിക്കാരുമായ ആളുകളോടും ഈ നയം ഉപയോഗിക്കാറുണ്ട്. യഥാർത്ഥത്തിൽ ഇസ്‌ലാം വിരോധിച്ചതും, തങ്ങളുടെ യുക്തിന്യായങ്ങൾക്കു യോജിക്കാത്തതുമായ ചില കാര്യങ്ങളെ സാധാരണക്കാരെക്കൊണ്ട് അംഗീകരിപ്പിക്കുവാൻവേണ്ടി, അതൊന്നും മതദൃഷ്ട്യാ വിരോധമില്ലാത്തതാണെന്നും, അതു അംഗീകരിച്ചതുകൊണ്ടുണ്ടാകുന്ന കുറ്റം തങ്ങൾ ഏറ്റുകൊള്ളാമെന്നും പറഞ്ഞ് അവർ പൊതുജനങ്ങളെ ധൈര്യപ്പെടുത്തുന്നതു കാണാം. അങ്ങനെയുള്ളവർക്കും ഈ വചനങ്ങളിൽ താക്കീതുണ്ട്. എന്നാൽ, ഓരോരുത്തന്റെയും കുറ്റം അവൻതന്നെ വഹിക്കണമെന്നും, ഒരാൾ ചെയ്ത കുറ്റത്തിനു വേറൊരാൾ ശിക്ഷിക്കപ്പെടുകയില്ലെന്നും ഉള്ളത് അല്ലാഹുവിന്റെ ഉറച്ച നിയമമത്രെ. എന്നാൽ, സ്വയം ദുർമാർഗത്തിൽ പതിക്കുകയും, മറ്റുള്ളവരെക്കൂടി വഴി പിഴപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന ഇവർ കൂടുതൽ കുറ്റഭാരം വഹിക്കേണ്ടിവരുന്നതുമാകുന്നു. കാരണം, മറ്റുള്ളവരെ വഴിപിഴപ്പിക്കുവാൻ പരിശ്രമം നടത്തിയതിന്റെ പേരിലും, ദുർമാർഗത്തിനുവേണ്ടി പ്രചാരം ചെയ്തതിന്റെ പേരിലും, അതിനായി കളവു കെട്ടിച്ചമച്ചതിന്റെ പേരിലും ഇവർ ശിക്ഷാർഹരാകുന്നു. 'തങ്ങളുടെ ഭാരങ്ങളോടൊപ്പം വേറെയും കുറെ ഭാരങ്ങൾ അവർ വഹിക്കേണ്ടിവരും' എന്നു പറഞ്ഞത് അതുകൊണ്ടാണ്. നബി(സ) പറയുന്നത് കാണുക: 'ഒരാൾ ഒരു സന്മാർഗത്തിലേക്കു ക്ഷണിക്കുന്നപക്ഷം അവനെ പിൻപറ്റുന്നവർക്കുണ്ടാകുന്ന പ്രതിഫലം പോലെയുള്ള പ്രതിഫലം അവന്നുണ്ടായിരിക്കുന്നതാണ്. അവരുടെ പ്രതിഫലങ്ങളിൽ അതു യാതൊരു കുറവും വരുത്തുന്നതല്ല. ഒരാൾ ദുർമാർഗത്തിലേക്കു ക്ഷണിക്കുന്നപക്ഷം അവനെ

പിൻപറ്റുന്നവർക്കുണ്ടാകുന്ന കുറ്റം പോലെയുള്ള കുറ്റവും അവന്നുണ്ടായിരിക്കും. അവരുടെ കുറ്റങ്ങളിൽ അതു യാതൊരു കുറവും വരുത്തുകയുമില്ല. (മു.) ചില 'രിവായത്തു'കളിൽ 'ഖിയാമത്തുനാൾ വരെ അവനെ പിൻപറ്റുന്നവരുടെ' എന്നാണുള്ളത്'." (അമാനി മൗലവി(റഹി)യുടെ തഫ്സീർ, സൂറഃ അങ്കബൂത്ത് 13-ാം സൂക്തത്തിന്റെ വ്യാഖ്യാനം)